# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വിവിധ പദ്ധതികൾക്കുള്ള കേന്ദ്ര സഹായം</u>

2154 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-2007 സാമ്പത്തിക വർഷം മുതൽ 2012-2013 സാമ്പത്തിക വർഷം വരെ ഓരോ വർഷവും ഇന്ത്യാ ഗവൺമെന്റിൽ നിന്നും സംസ്ഥാനത്തിനു കിട്ടിയ ധനസഹായം എത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഓരോ വർഷവും കേന്ദ്ര പദ്ധതികൾക്കായി ലഭിച്ച തുക എത്രയാണ്;

(സി) ഓരോ വർഷവും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായമായി ലഭിച്ച തുക എത്രയാണ്;

(ഡി) ഓരോ വർഷവും പദ്ധതിയേതര വിഹിതമായി ലഭിച്ച ധനസഹായം എത്രയാണ്?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കേന്ദ്രധനസഹായം</u>

2155 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രധനസഹായം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചു; എത്ര രൂപയുടെ ധനസഹായമാണ് ആവശ്യപ്പെട്ടിരുന്നത്;

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് കേന്ദ്ര ധനസഹായം ആവശ്യപ്പെട്ടിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) ഓരോ ഇനത്തിനും എത്ര ധനസഹായം കിട്ടിയെന്നറിയിക്കുമോ;

(ഡി) കേരളം നേരിടുന്ന അതീവഗുരുതരമായ വരൾച്ചാക്കെടുതിയിൽ നിന്നും രക്ഷ നേടുന്നതിനായി എത്ര തുകയുടെ പാക്കേജാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശം നൽകുമോ;

(ഇ) എത്ര തുക അനുവദിച്ചു; അനുവദിച്ചതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കേന്ദ്ര വായ്പാ വിനിയോഗം</u>

2156 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും എന്തു തുക വായ്പയായി എടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത വായ്പ തുക എന്തെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചത് എന്ന് വിശദമാക്കാമോ?

(സി) സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള കടബാദ്ധ്യത എത്രയാണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

സംസ്ഥാനത്തിന് എടുത്ത വായ്പകൾ/ ബോണ്ടുകൾ
സംബന്ധിച്ച വിവരം

2157 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ സംസ്ഥാനത്തിന് വേണ്ടി എടുത്ത വായ്പകൾ/ബോണ്ടുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇവയുടെ തിരിച്ചടവ് കാലാവധി സംബന്ധിച്ച വിവരം വ്യക്തമാക്കാമോ;

(സി) ഇപ്പോഴുളള മാർക്കറ്റ് നിലവാരപ്രകാരം ഇവയ്ക്കുളള പലിശ എത്രയാകുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക് എന്നിവിടങ്ങളിൽ നിന്നും വായ്പ</u>

2158 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വികസന പദ്ധതികൾക്കായി ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, മറ്റു ഏജൻസികൾ എന്നിവയിൽ നിന്ന് വായ്പയെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ, വിശദാംശം നൽകുമോ;

(സി) വായ്പകൾ ഏതെല്ലാം മേഖലകൾക്കാണ് ഉപയോഗിക്കുന്നത്;

(ഡി) ഈ വായ്പകൾ ലഭിക്കുന്നതിനും തിരിച്ചടക്കുന്നതിനും ലോകബാങ്കും എ.ഡി.ബിയും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

വരവ് - ചെലവ് കണക്കുകൾ

2159 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1.7.2006 മുതൽ 31.3.2011 വരെയുള്ള കാലത്ത് സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിക്കപ്പെട്ടു;

(ബി) 1.7.2006 മുതൽ 31.3.2011 വരെയുള്ള കാലത്തെ സംസ്ഥാനത്തിന്റെ കടം തിരിച്ചടയ്ക്കുന്നതിനായി എത്ര തുക ചെലവഴിച്ചു;

(സി) 1.7.2006 മുതൽ 31.3.2011 വരെയുള്ള കാലത്തെ വിവിധ സ്രോതസ്സുകൾ വഴിയുള്ള വരുമാനം എത്രയായിരുന്നു; വിശദാംശം നൽകാമോ;

(ഡി) 1.7.2006 മുതൽ 31.3.2011 വരെയുള്ള കാലത്തെ സർക്കാർ ഉദ്യോഗസ്ഥരുടെ ശമ്പളവും, അലവൻസുകളും ജനപ്രതിനിധികളുടെ ഓണറേറിയം, മറ്റ് ചെലവുകൾ എന്നിവയ്ക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം വാർഷികാടിസ്ഥാനത്തിൽ നൽകാമോ;

(ഇ) 1.7.2011 മുതൽ 28.2.2013 വരെയുള്ള കാലത്തെ നികുതി, നികുതിയേതര വരുമാനം എത്ര; പ്രസ്തുത കാലത്തെ ആകെ വരുമാനം വ്യക്തമാക്കാമോ;

(എഫ്) 1.7.2011 മുതൽ 28.2.2013 വരെയുള്ള കാലത്തെ ശമ്പളം, മറ്റലവൻസുകൾ എന്നീ ഇനത്തിൽ സർക്കാർ ജീവനക്കാർ, മറ്റുള്ളവർ എന്നിവർക്ക് എത്ര തുക ചെലവഴിച്ചു;

(ജി) 1.7.2011 മുതൽ 28.2.2013 വരെ എത്ര കടം പലിശയുൾപ്പെടെ തിരിച്ചടച്ചു; വിശദാംശം ലഭ്യമാക്കുമോ;

(എച്ച്) 1.7.2011 മുതൽ 28.2.2013 വരെയുള്ള കാലത്ത് വികസന പ്രവർത്തനങ്ങൾക്കായി എത്ര രൂപ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ആവിഷ്കൃത പദ്ധതി</u>

2160 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന ആവിഷ്കൃത പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ നേരിട്ട് നിർവ്വഹിയ്ക്കുന്ന വകുപ്പുകൾക്ക് 2012-13 വർഷങ്ങളിൽ നീക്കിവെച്ചിട്ടുള്ള തുക എത്ര?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ പൊതു കടം</u>

2161 ശ്രീ. എം. വി. ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ രണ്ട് വര്‍ഷങ്ങളിലായി സംസ്ഥാനത്തിന്റെ പൊതുകടം എത്രയായി വര്‍ദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) കടബാദ്ധ്യത കുറച്ച് കൊണ്ട് വരുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കേരളത്തിന്റെ പൊതുകടം</u>

2162 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം 2013 മാർച്ച് 1- ന് എത്രയെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര രൂപ പൊതുകടം എന്ന നിലയിൽ ഉണ്ടായിട്ടുണ്ട്; ഇത് ഏതെല്ലാം മേഖലയിലാണ് വന്നുചേർന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് വായ്പ എടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ കടപ്പത്രം വഴി തുക സമാഹരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സർക്കാരിന്റെ മൊത്തം ചെലവ്</u>

2163 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012 സാമ്പത്തിക വർഷത്തിലും 2012-2013 സാമ്പത്തിക വർഷത്തിലും സംസ്ഥാന സർക്കാരിന്റെ മൊത്തം ചെലവ് എത്ര തുകയായിരുന്നുവെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിലെ മൊത്തം ചെലവിന്റെ എത്ര ശതമാനമാണ് റവന്യൂ ചെലവെന്നും എത്ര തുക വീതമാണ് റവന്യൂ ഇനത്തിൽ ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) മേൽപ്പറഞ്ഞ റവന്യൂ ചെലവിനത്തിൽ ഉൾപ്പെടുന്ന ഓരോ ചെലവുകളും ഏതെല്ലാമെന്നും ഓരോ റവന്യൂ ചെലവിനത്തിനുമായി പ്രസ്തുത രണ്ടു സാമ്പത്തിക വർഷങ്ങളിലും എത്ര തുക വീതം വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

സംസ്ഥാനത്തുണ്ടായ നിക്ഷേപവര്‍ദ്ധനവ്

2164 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-2012 വര്‍ഷത്തില്‍ സംസ്ഥാനത്താകെയുള്ള നിക്ഷേപ വര്‍ദ്ധനവ് എത്രയാണെന്ന് അറിയിക്കുമോ ;

(ബി) പൊതുമേഖല ധനകാര്യസ്ഥാപനങ്ങള്‍, സഹകരണ സ്ഥാപനങ്ങള്‍ എന്നിവയുടെ നിക്ഷേപ വര്‍ദ്ധന സംബന്ധിച്ച കണക്ക് തരംതിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(സി) ബാങ്ക് നിക്ഷേപത്തിന്റെ എത്ര ശതമാനമാണ് വായ്പയായി അനുവദിച്ചിട്ടുള്ളത് ;

(ഡി) വായ്പാ നിക്ഷേപ അനുപാതം വര്‍ദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കില്‍ വിശദമാക്കുമോ ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>സെക്ടർവൈസ് ബഡ്ജറ്റ് അലോക്കേഷൻ</u>

2165 ശ്രീ.കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സെക്ടർവൈസ് ബഡ്ജറ്റ് അലോക്കേഷന്റെയും ചെലവിന്റെയും ജില്ലതിരിച്ചുള്ള കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം

2166 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ ബഡ്ജറ്റ് വിഹിതത്തിന്റെ എത്ര ശതമാനം തുക ഇതുവരെ ചെലവഴിച്ചുവെന്ന് വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) 2012-2013 വർഷത്തെ ബഡ്ജറ്റിൽ എസ്റ്റിമേറ്റ് ചെയ്ത നികുതിയുടെ എത്ര ശതമാനം കളക്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) 2012-2013 സാമ്പത്തിക വർഷത്തിൽ ഇതുവരെ ലഭിച്ച റവന്യു വരുമാനം എത്രയാണ്; റവന്യു വരുമാനം കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ എത്ര ശതമാനം വർദ്ധിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

ബജറ്റിലെ നികുതി നിർദ്ദേശങ്ങൾ

2167 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അവതരിപ്പിച്ച ഓരോ ബഡ്ജറ്റിലും എത്ര കോടി രൂപയുടെ പുതിയ നികുതികളാണ് പ്രഖ്യാപിക്കപ്പെട്ടത്;

(ബി) ഇതിൽ ഓരോ ബഡ്ജറ്റ് കാലയളവിലും എത്ര തുക വീതം പിരിച്ചെടുക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>വ്യാപാരി ക്ഷേമനിധി പെൻഷൻ</u>

2168 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാപാരി ക്ഷേമനിധി വിഹിതം അടയ്ക്കുകയും നിശ്ചിത പ്രായം കഴിഞ്ഞ് പെൻഷന് അപേക്ഷിക്കുകയും ചെയ്ത ചേർത്തല കടക്കരപള്ളി പഞ്ചായത്തിൽ മാടവന വീട്ടിൽ ശ്രീ. എം.റ്റി. ചാക്കോയുടെ പെൻഷൻ അനുവദിച്ചു കിട്ടുന്നതിനുള്ള അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) കച്ചവടം നിർത്തുകയും ലൈസൻസ് ഹാജരാക്കുവാൻ കഴിയാതെവരുകയും ചെയ്യുന്ന ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന് ബോർഡ് തീരുമാനം ഉണ്ടാക്കുന്നതിന് ശ്രമിക്കുമെന്ന് ക്ഷേമനിധി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പറഞ്ഞിരുന്നതനുസരിച്ച് എന്തെങ്കിലും നടപടി ഉണ്ടായോ എന്നു വ്യക്തമാക്കുമോ ;

(സി) ക്ലെയിംസ് കമ്മിറ്റിയുടെ അഭിപ്രായം സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ചിരുന്ന റിപ്പോർട്ടിന്മേൽ 13.02.2012-നു ശേഷമുള്ള ബോർഡ് യോഗത്തിൽ എന്തെങ്കിലും ചർച്ച നടന്നോ എന്നു വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) നിർദ്ധനനും രോഗിയുമായ ശ്രീ. എം.റ്റി. ചാക്കോ എന്ന ക്ഷേമനിധി അംഗത്തിന് വ്യാപാരി ക്ഷേമനിധി പെൻഷൻ ലഭിക്കുവാൻ ഇനി എന്തു ചെയ്യണമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വിരമിച്ച സർക്കാർ ജീവനക്കാർക്ക് സമ്പൂർണ്ണ മെഡിക്കൽ ഇൻഷ്വറൻസ്</u>

2169 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ മെഡിക്കൽ റീ ഇംപേഴ്സ്മെന്റിന് അർഹതയില്ല എന്നതും പെൻഷനോടൊപ്പം നൽകുന്ന മെഡിക്കൽ അലവൻസ് അപര്യാപ്തമാണെന്നതും പരിഗണിച്ച് ഇവർക്ക് സമ്പൂർണ്ണ മെഡിക്കൽ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>പെൻഷൻ പ്രായം</u>

2170 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതൊക്കെ വിഭാഗത്തിൽ / വകുപ്പുകളിൽ ജോലി ചെയ്യുന്നവരുടെ പെൻഷൻ പ്രായമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതി</u>

2171

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ നടപ്പാക്കുമ്പോൾ ഏതെങ്കിലും വിഭാഗത്തെ പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതി നടപ്പാക്കുമ്പോൾ പ്രതിമാസം എത്ര തുക സർക്കാരിന് ബാദ്ധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഈ അധിക ബാദ്ധ്യത സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

2012 ഡിസംബർ, 2013 ജനുവരി മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളം

2172 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ഡിസംബർ മാസം സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആകെ ശമ്പളം എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) 2013 ജനുവരി മാസം സെക്രട്ടേറിയറ്റ് ജീവനക്കാരുടെ ആകെ ശമ്പളം എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(സി) ഡയസ്നോൺ ഇനത്തിൽ എത്ര രൂപ എത്ര ജീവനക്കാരിൽ നിന്ന് പിടിച്ചുവെന്ന് അറിയിക്കുമോ;

(ഡി) മറ്റ് വകുപ്പുകളിലെ ജീവനക്കാർക്ക് വേണ്ടി 2012 ഡിസംബറിൽ ശമ്പള ഇനത്തിൽ എന്തു തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ;

(ഇ) 2013 ജനുവരി മാസത്തിൽ മറ്റ് വകുപ്പുകളിലെ ജീവനക്കാരുടെ ആകെ ശമ്പളം എത്രയായിരുന്നുവെന്നറിയിക്കുമോ;

(എഫ്) ഡയസ്നോൺ ഇനത്തിൽ എത്ര ജീവനക്കാരിൽ നിന്ന് എത്ര രൂപ പിടിച്ചുവെന്നറിയിക്കുമോ;

(ജി) 2012 ഡിസംബർ മാസത്തിൽ സർക്കാർ/എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(എച്ച്) 2013 ജനുവരി മാസം സർക്കാർ/എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(ഐ) ഡയസ്നോൺ ഇനത്തിൽ പ്രസ്തുത ജീവനക്കാരിൽ നിന്ന് എത്ര രൂപ ഈടാക്കി; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കരാര്‍ ജീവനക്കാരുടെ ശമ്പളവര്‍ദ്ധന</u>

2173 ശ്രീ. വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് നിര്‍മ്മിതി കേന്ദ്രത്തില്‍ നടത്തിയ അനധികൃത നിയമനങ്ങള്‍ വഴി ജോലി നോക്കുന്നവരെ പിരിച്ചു വിട്ടിട്ടുണ്ടോ; ഇല്ലെങ്കില്‍ എന്തുകൊണ്ട്; ഇപ്പോള്‍ എത്ര കരാര്‍ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്;

(ബി) ഈ ജീവനക്കാര്‍ക്ക് പരസ്യത്തിലെ ശമ്പളത്തില്‍ നിന്നും മാറ്റം വരുത്തി ശമ്പളം വര്‍ദ്ധിപ്പിച്ചു നല്‍കിയിട്ടുണ്ടോ; എങ്കില്‍ ആര്‍ക്കൊക്കെയാണ്;

(സി) ഏത് സാഹചര്യത്തിലാണ് ശമ്പളം വര്‍ദ്ധിപ്പിച്ചത്;

(ഡി) ഈ നിയമനം മൂലം നിര്‍മ്മിതികേന്ദ്രത്തിന് ഉണ്ടായ വാര്‍ഷിക ബാധ്യത എത്രയാണ്?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

എം.എല്‍.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിന് പ്രത്യേക അക്കൗണ്ട്

2174 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എം.എല്‍.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് ഓരോ മണ്ഡലത്തിന്റെയും അക്കൗണ്ടില്‍ പ്രത്യേകമായി നിക്ഷേപിക്കുകയാണോ ചെയ്യുന്നതെന്നു വ്യക്തമാക്കുമോ;

(ബി) അല്ലെങ്കില്‍, ഓരോ മണ്ഡലത്തിനും പ്രത്യേകം അക്കൗണ്ടുകള്‍ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്</u>

2175

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് പ്രകാരം എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന വിവിധ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് പ്രസ്തുത പ്രവൃത്തികളുടെ രൂപകല്പന പൂർത്തീകരിക്കുന്നതിലെ കാലതാമസവും എസ്റ്റിമേറ്റിന് അന്തിമരൂപം നൽകുന്നതിലെ സാങ്കേതിക ബുദ്ധിമുട്ടും കാരണംഭരണാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) 2012-13 സാമ്പത്തിക വർഷം എം.എൽ.എ മാർ നിർദ്ദേശിച്ച പ്രസ്തുത പ്രവൃത്തികൾക്ക് ഈ സാമ്പത്തിക വർഷത്തിനുളളിൽതന്നെ ഭരണാനുമതി ലഭിച്ചില്ലെങ്കിൽ അത്തരം പ്രവൃത്തികളിന്മേൽ സ്വീകരിക്കുന്ന തുടർനടപടി വിശദമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട്</u>

2176 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കുന്ന പാലങ്ങളുടെയും വലിയ കെട്ടിടങ്ങളുടെയും ഇൻവെസ്റ്റിഗേഷൻ, സോയിൽടെസ്റ്റ്, ആർകിടെക്ചറൽ വർക്ക് എന്നിവ കാരണം പ്രവൃത്തി വൈകുന്നത് ഒഴിവാക്കാനായി മുൻകൂട്ടി നിർദ്ദേശിക്കുന്നതിനുള്ള വ്യവസ്ഥയുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള സൗകര്യം ഒരുക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്

2177 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പി. ശ്രീരാമകൃഷ്ണൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഈയിനത്തിൽ തന്നാണ്ടിലെ ബജറ്റിൽ എന്തു തുക ചെലവഴിക്കാൻ തീരുമാനിച്ചിരുന്നു ; ഇതിനകം ചെലവഴിച്ച തുക എത്ര ;

(ബി) ആസ്തി വികസനഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾക്കുള്ള എം.എൽ.എ.മാരുടെ നിർദ്ദേശങ്ങളിന്മേൽ ഭരണാനുമതി നൽകുന്നതിൽ കാലവിളംബം നേരിടുന്നത് സംബന്ധമായി ധനകാര്യ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്തിട്ടുണ്ടോ ;

(സി) എം.എൽ.എ.മാർ നിർദ്ദേശിച്ച എത്ര പ്രവൃത്തികളുടെ ഭരണാനുമതി ഇനിയും നൽകാനുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഡി) സാമ്പത്തിക വർഷം അവസാനിക്കാറായ സമയത്ത് എല്ലാ നിർദ്ദേശങ്ങളിന്മേലും ഭരണാനുമതി നൽകുന്നതിലും, നൽകിയവയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലും ബന്ധപ്പെട്ട ഭരണവകുപ്പുകളിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളത് പ്രത്യേകം പരിഗണിക്കുമോ ; എങ്കിൽ സമയബന്ധിതമായി പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി</u>

2178 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളത്;

(ബി) ഭരണാനുമതി നൽകാൻ ശേഷിക്കുന്ന പദ്ധതികളുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി എത്രയും വേഗം പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾ

2179

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ തെറ്റായ സാമ്പത്തിക നയങ്ങൾ മൂലം പെട്രോൾ, ഡീസൽ ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾക്ക് വിലവർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാന നികുതികൾ വേണ്ടെന്നുവയ്ക്കുകയും സബ്സിഡി നല്കി പ്രസ്തുത വില വർദ്ധനവ് ന്യൂട്രലൈസ് ചെയ്യാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഇനത്തിൽ നാളിതുവരെ സംസ്ഥാന സർക്കാരിന് എത്ര രൂപയുടെ നഷ്ടമുണ്ടായി എന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിൽ എത്രകാലം സംസ്ഥാന ഖജനാവിൽ നിന്നും പണം ചെലവാക്കി പിടിച്ചു നിൽക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാരിനുമേൽ അപ്രതീക്ഷിതമായ അമിതഭാരം അടിച്ചേൽപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റ് നയത്തെ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>പെട്രോളിയം ഉത്പന്നങ്ങളുടെ വിലവർദ്ധന</u>

2180 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേന്ദ്രഗവണ്മെന്റിന്റെ നയങ്ങളെത്തുടർന്ന് പെട്രോളിയം ഉത്പന്നങ്ങളുടെ അടിക്കടിയുണ്ടാകുന്ന വിലവർദ്ധന സംസ്ഥാനത്തെ ജനജീവിതം ദുസ്സഹമാക്കിയ സാഹചര്യത്തിൽ പെട്രോളിയം ഉത്പന്നങ്ങൾക്കു സബ്സിഡി അനുവദിക്കാൻ തീരുമാനമെടുക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

എസ്.സി.പി., റ്റി.എസ്.പി. ഫണ്ടുകളുടെ വിശദാംശം

2181 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി-വർഗ്ഗക്ഷേമ പ്രവർത്തനങ്ങൾക്കായി പ്രഖ്യാപിച്ച പദ്ധതികളുടെയും, ഈയിനത്തിൽ വകയിരുത്തിയ തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എസ്.സി.പി., റ്റി.എസ്.പി. ഫണ്ടുകളായി അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾക്കും, എസ്.സി.പി., റ്റി.എസ്.പി. എന്നീ ഇനങ്ങളിലും അനുവദിച്ച തുകയുടെയും ഇതുവരെ ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കുമോ;

(ഡി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന തുക അനുവദിക്കാതിരിക്കുകയും, അനുവദിച്ച തുക ഇതുവരെ ചെലവഴിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ചീഫ് ടെക്നിക്കൽ എക്സാമിനർ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ</u>

2182 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചീഫ് ടെക്നിക്കൽ എക്സാമിനർ വിഭാഗത്തിന്റെ പ്രവർത്തനം വ്യക്തമാക്കാമോ;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ സി.ടി.ഇയ്ക്ക് എത്ര പ്രവൃത്തികൾ സംബന്ധിച്ച് പരാതി ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ പരാതികളിൽ എത്രയെണ്ണം പരിശോധിച്ചെന്നും എത്രയെണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയെന്നും ക്രമക്കേടുകൾ കണ്ടെത്തിയവയിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) പരിശോധന വിഭാഗത്തിന്റെ പ്രവർത്തനം റിവ്യൂ ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം</u>

2183 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം 2011-12, 2012-13 വർഷങ്ങളിൽ എത്ര സ്ഥാപനങ്ങളിൽ പരിശോധന നടത്തിയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെങ്കിലും സ്ഥാപനത്തിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വിവിധക്ഷേമ പെന്‍ഷനുകള്‍ക്കായി ചെലവഴിച്ച തുക</u>

2184 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരമേറ്റതിനുശേഷം വിധവാ പെന്‍ഷന്‍, അഗതി പെന്‍ഷന്‍, കര്‍ഷകതൊഴിലാളി പെന്‍ഷന്‍, വിവിധ ക്ഷേമ പെന്‍ഷനുകള്‍, തൊഴിലില്ലായ്മാ വേതനം എന്നീ ഇനങ്ങളില്‍ ചെലവഴിച്ച തുക ഇനം തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ചെക്ക്പോസ്റ്റുകൾ വഴിയുള്ള കള്ളക്കടത്ത്</u>

2185 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എം. ചന്ദ്രൻ
ഡോ.കെ. ടി. ജലീൽ
ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ചെക്ക്പോസ്റ്റുകൾവഴി വൻതോതിലുള്ള കള്ളക്കടത്തും അതുവഴി നികുതിവെട്ടിപ്പും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാളയാർ, അമരവിള തുടങ്ങിയ പ്രധാന ചെക്ക്പോസ്റ്റുകൾ വഴി കോഴി, മണൽ തുടങ്ങിയവ നികുതിവെട്ടിച്ച് കടത്തൽ വ്യാപകമായതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ചെക്ക് പോസ്റ്റുകളിൽകൂടി ലോറികൾ വരുന്നത് ഒഴിവാക്കി സമാന്തര പാതകൾവഴി സംസ്ഥാനത്തേയ്ക്ക് പ്രവേശിക്കുന്നത് വർദ്ധിച്ചുവരുന്നതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) ചെക്ക്പോസ്റ്റുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടും ഇതുവഴിയുള്ള കള്ളക്കടത്ത് വർദ്ധിച്ചുവരുന്നത് തടയുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന്
വ്യക്തമാക്കാമോ;

(ഇ) ചെക്കുപോസ്റ്റുകൾക്ക് സമീപം വെയിംഗ് ബ്രിഡ്ജുകൾ ഇല്ലാത്തതുമൂലം സ്വകാര്യ വെയിംഗ് ബ്രിഡ്ജുകളെ ആശ്രയിക്കേണ്ടിവരുന്നു എന്നതും ഇത് വൻ അഴിമതിക്ക് വഴിവെക്കുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ വായ്പ</u>

2186 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ എടുത്തവരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസത്തിന് ശേഷം തൊഴിൽ കിട്ടാതെ വന്നവർക്ക് അവരുടെ വായ്പയുടെ പലിശ ഇളവ് ചെയ്തുകൊടുക്കാൻ തയ്യാറാകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആകെ എത്ര പേർക്ക് ഈ ആനുകൂല്യം കിട്ടി എന്ന് വ്യക്തമാക്കാമോ; ഇങ്ങനെ എത്ര തുകയാണ് ഒഴിവാക്കിയത്; വിശദമാക്കാമോ;

(ഡി) ബി.പി.എൽ വിഭാഗക്കാർക്ക് നൽകിയ പലിശ ഇളവ് ആനുകൂല്യം എ.പി.എൽ കാർക്ക് കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ലക്ഷംവീട് കോളനികളുടെ പുനരുദ്ധാരണം</u>

2187

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീട് കോളനികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതി നിലവിൽ ഉണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളാണെന്ന് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>മങ്കൊമ്പ് സിവിൽ സ്റ്റേഷൻ അനക്സ്</u>

2188

ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ മങ്കൊമ്പ് സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിടത്തിന് ഫണ്ട് അനുവദിക്കുന്നതിനും പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും അടിയന്തരമായി ഫണ്ട് നൽകുമോ;

(ബി) എ.സി. റോഡിലെ വീതി കുറഞ്ഞ പാലങ്ങളുടെ പുനരുദ്ധാരണത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക പഠനത്തിന് ധനകാര്യ വകുപ്പ് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>പത്തനംതിട്ട ജില്ലയിലെ എസ്.എ.എസ്. ഏജന്റുമാർക്ക് ബോണസും, അലവൻസും അനുവദിക്കുന്നതിലെ കാലതാമസം</u>

2189 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ സമ്പാദ്യ പദ്ധതിയുടെ പത്തനംതിട്ട ജില്ലയിലെ എസ്.എ.എസ്. ഏജന്റുമാർക്ക് കഴിഞ്ഞ 6 വർഷമായി ബോണസും രണ്ടര വർഷത്തിലധികമായി അലവൻസും നൽകാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) അലവൻസ് നൽകിയതുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസുകളാണുള്ളത്; ഈ കേസുകളിൽ പ്രതികളായവർ ആരൊക്കെ; ഈ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) കേസുകളിൽ പ്രതിയായവരെ മാറ്റിനിർത്തി മറ്റുള്ള ഏജന്റുമാർക്ക് അലവൻസ് നൽകുന്നതിന് നിലവിൽ എന്തു തടസ്സമാണുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പത്തനംതിട്ട ജില്ലയിലെ എസ്.എ.എസ്. ഏജന്റുമാർക്ക് അലവൻസ് നൽകുന്നതിന് അലോട്ട്മെന്റിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഫയൽ നമ്പർ ലഭ്യമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഇതിന്മേൽ തീരുമാനമെടുക്കാൻ വൈകുന്നത് എന്തുകൊണ്ട്?

(ഇ) അലവൻസു നൽകാൻ കഴിയാത്തതുമൂലമാണ്, അലവൻസിന്റെ അടിസ്ഥാനത്തിലുള്ള ബോണസ് നൽകാൻ കഴിയാത്തത് എന്ന ജില്ലാതല ദേശീയ സമ്പാദ്യപദ്ധതി ഉദ്യോഗസ്ഥരുടെ നിലപാട് തിരുത്തിക്കാനും കുടിശ്ശിക ബോണസ് നൽകാനും, കുടിശ്ശിക സഹിതം ഇതേവരെയുള്ള അലവൻസ് നൽകാനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>മഹിളാപ്രധാൻ ജീവനക്കാരുടെ ബോണസ്/അലവൻസ്</u>

2190 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മഹിളാപ്രധാൻ ജീവനക്കാരുടെ 2006 മുതലുള്ള എസ്.എ.എസ് (സ്റ്റാൻഡേർഡ് ഏജൻസി സിസ്റ്റം) (Standard Agency System) ബോണസ്, അലവൻസ് എന്നിവ നൽകുന്നതിനുവേണ്ടി നാഷണൽ സേവിംഗ്സ് ഡയറക്ടർ ധനകാര്യ വകുപ്പിൽ നൽകിയിട്ടുള്ള പ്രൊപ്പോസലിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ടുള്ള സാങ്കേതികവിഷയങ്ങളിൽ നാളിതുവരെയില്ലാത്ത തരത്തിൽ ഏജന്റുമാർക്ക് അർഹതപ്പെട്ട പ്രതിഫലം ലഭ്യമാക്കുന്നത് നടപടിക്രമങ്ങൾ മൂലം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ഡി) മഹിളാപ്രധാൻ ഏജന്റുമാരുടെ 'മഹിളാപ്രധാൻ ക്ഷത്രിയ ബചത് യോജന' (MPKBY) 2011 നവംബർ മാസം മുതൽ 2012 മെയ് വരെയുള്ള അലവൻസും ബോണസും നൽകിയിട്ടില്ലാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഇ) ഇല്ലായെങ്കിൽ ആയതിന്മേൽ അടിയന്തര നടപടി സ്വീകരിച്ച് പ്രസ്തുത കുടിശ്ശിക നൽകുന്നതിനുള്ള നടപടി ഉണ്ടാകുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

വാണിജ്യ നികുതി വകുപ്പിലെ അഴിമതി നിർമ്മാർജ്ജനം

2191

ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യനികുതി വകുപ്പിൽ അഴിമതി നിർമ്മാർജ്ജനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത നടപടികളെ മറികടന്ന് വകുപ്പിൽ വൻ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അഴിമതി നിർമ്മാർജ്ജനത്തിൽ സർക്കാരിന്റെ കാര്യക്ഷമതയെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം പോരായ്മകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുളളത്?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>നികുതിയേതര വരുമാനമാർഗ്ഗങ്ങൾ</u>

2192 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രധാന നികുതിയേതര വരുമാനമാർഗ്ഗങ്ങൾ ഏതെല്ലാമാണ്;

(ബി) നികുതിയേതര വരുമാന ഇനത്തിൽ 2006-2007 സാമ്പത്തികവർഷം മുതൽ 2012-2013 സാമ്പത്തികവർഷം വരെ ഓരോ വർഷവും ഉണ്ടായ വരുമാനം എത്രയാണ്;

(സി) ഓരോ വർഷവും ഇന്ത്യാ ഗവണ്മെന്റിൽ നിന്നും ലഭിച്ചതും നികുതിയേതര വരുമാനത്തിൽ ഉൾപ്പെട്ടതുമായ തുക എത്രയെന്നു പ്രത്യേകമായി വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

മരത്തടികൾക്ക് വിൽപ്പന നികുതി

2193 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തു നിന്നും കൊണ്ടുവരുന്ന തടികൾക്ക് വിൽപ്പന നികുതി ചുമത്തുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) വനം വകുപ്പ് വില നിശ്ചയിക്കാത്ത തടികൾക്ക് ഏതു വിധത്തിലാണ് വാണിജ്യനികുതി വകുപ്പ് വില കണക്കാക്കുന്നതെന്നും നികുതി ഈടാക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) വനം വകുപ്പ് വില നിശ്ചയിക്കാത്ത മരങ്ങൾക്ക് വില നിശ്ചയിക്കുന്നതിനും വിൽപ്പന നികുതി ഈടാക്കുന്നതിനും വാണിജ്യ നികുതി വകുപ്പ് ഒരു ഏകീകൃത മാനദണ്ഡം ആവിഷ്ക്കരിച്ച് നടപ്പാക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>സ്വർണ്ണ വ്യാപാര നികുതി</u>

2194 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വർണ വ്യാപാര മേഖലയിൽ പ്രതിവർഷം എത്ര ടൺ സ്വർണം വിൽക്കപ്പെടുന്നു എന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇതിൽ എത്ര ശതമാനം നികുതിയാണ് ചുമത്തപ്പെട്ടിട്ടുളളതെന്നും ആയതു പ്രകാരം എത്ര കോടി രൂപയാണ് നികുതി ഇനത്തിൽ ലഭിക്കേണ്ടിയിരുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം പിരിഞ്ഞു കിട്ടിയ നികുതി എത്രയെന്നു വ്യക്തമാക്കുമോ;

(ഡി) ആയതിലുണ്ടായ കുറവിനുളള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

നികുതി അദാലത്തുകൾ

2195 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതു വരെ പെട്രോളിയം ഉൽപന്നങ്ങളുടെ വിലവർദ്ധനവിലൂടെ എത്ര കോടി രൂപ അധിക നികുതി വരുമാനമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 2012-13 മാർച്ച് 15 വരെ നികുതി ഇനത്തിൽ ഏറ്റവും കൂടുതൽ തുക ഈടാക്കിയ സംസ്ഥാന സർക്കാർ സ്ഥാപനം, പൊതുമേഖലാ സ്ഥാപനം, സ്വകാര്യ മേഖലാ സ്ഥാപനം ഇവ ഏതൊക്കെയാണെന്നും എന്ത് തുക പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നികുതി ഇനത്തിൽ ഈടാക്കിയെന്നും വ്യക്തമാക്കുമോ;

(സി) നികുതിദായകർ കൂടുതലായി വരുന്ന ഭൂനികുതി, വസ്തു നികുതി, മോട്ടോർ വാഹന നികുതി തുടങ്ങിയവ പിരിച്ചെടുക്കുന്നതിന് പ്രത്യേക അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

കാസർഗോഡ് ജില്ലയിൽ വ്യാപകമായ കോഴിക്കള്ളക്കടത്ത്

2196 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വ്യാപകമായ കോഴിക്കള്ളക്കടത്ത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ജില്ലയിൽ അനധികൃതമായി കടത്തിയ കോഴി വണ്ടികളിൽ നിന്നും എത്ര രൂപയുടെ പിഴയാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈടാക്കിയിട്ടുള്ളത്; എത്ര കോഴിക്കടത്ത് വണ്ടികൾ പിടിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം</u>

2197 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ട്രഷറികളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും എ.ടി.എം സംവിധാനം ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) പെൻഷൻ തുക എ.ടി.എം. ലൂടെ പിൻവലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ട്രഷറി സംവിധാനം ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ട്രഷറി വകുപ്പിലെ നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനത്തിന്റെ മെയിന്റനൻസ് ആരാണ് നടത്തുന്നത്; ഇവ കേടായാൽ എത്രയും വേഗം നന്നാക്കുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം

2198 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതിനാവശ്യമായ നെറ്റ്‌വർക്ക് സംവിധാനം തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) ട്രഷറികളിൽ എ. ടി. എം. സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>ഭാഗ്യക്കുറി വിറ്റുവരവ് കണക്ക്</u>

2199 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ ടിക്കറ്റ് വിൽപ്പനയിലൂടെയുള്ള വിറ്റ് വരവ് 2012-13 ൽ മാർച്ച് 15 വരെ എത്ര കോടി രൂപയായിരുന്നുവെന്നാണ് കണക്കാക്കുന്നത്;

(ബി) 2011-12-ൽ ഇതേ കാലയളവിൽ എത്ര കോടി രൂപയായിരുന്നു വിറ്റ് വരവ് ഇനത്തിൽ ലഭിച്ചത്; വിശദമാക്കുമോ;

(സി) ഏറ്റവും കൂടുതൽ വിൽപ്പന നടന്നത് ഏത് ഭാഗ്യക്കുറിയിലൂടെയാണ്; എത്ര തുക ലഭിച്ചു; അറ്റാദായമായി ലഭിച്ച തുക എത്ര; വിശദമാക്കുമോ;

(ഡി) അന്യസംസ്ഥാന ലോട്ടറി കേസ്സുകൾ സി.ബി.ഐ പിൻവലിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസ്സുകൾ സി.ബി.ഐ പിൻവലിച്ചുവെന്ന് വ്യക്തമാക്കുമോ;

(എഫ്) നിരോധിത ലോട്ടറി ടിക്കറ്റുകളുടെ രഹസ്യവില്പന തകൃതിയായി സംസ്ഥാനത്തിന്റെ പല ഭാഗത്തും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>കാരുണ്യ ബെനവലന്റ് പദ്ധതി</u>

2200 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ചികിത്സാസൗകര്യങ്ങൾ ലഭ്യമാകുന്ന അംഗീകൃത ആശുപത്രികളുടെ ജില്ല തിരിച്ചുള്ള കണക്കു ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കാരുണ്യ ഭാഗ്യക്കുറിയുടെ നടപ്പു സാമ്പത്തിക വർഷത്തെ വരുമാനം</u>

2201

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഭാഗ്യക്കുറിയുടെ നടപ്പു സാമ്പത്തിക വർഷം 2013 ഫെബ്രുവരി 28 വരെയുള്ള വരുമാനം എത്രയാണ്;

(ബി) ലഭ്യമായ വരുമാനത്തിൽ എത്ര രൂപയാണ് കാരുണ്യ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചത് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) കാരുണ്യ ഭാഗ്യക്കുറിയിലൂടെ നേടുന്ന വരുമാനം രോഗികൾക്ക് നൽകുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ;

(ഡി) രോഗികൾക്ക് എളുപ്പത്തിൽ ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ഫണ്ട്</u>

2202 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാരുണ്യ ഭാഗ്യക്കുറിയില്‍ നിന്നും ഇതുവരെ എത്ര അറ്റാദായം ലഭിച്ചിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇതില്‍ കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് നല്‍കിയ തുക എത്രയാണെന്ന് പറയാമോ;

(സി) കാരുണ്യ ബെനവെലന്റ് ഫണ്ടില്‍ നിന്നും ഇതുവരെ എത്രപേര്‍ക്ക് എത്ര തുക വീതം വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കാന്‍സര്‍, ഹൃദയം, വൃക്ക, തലച്ചോറ് എന്നിവയെ ബാധിക്കുന്ന രോഗങ്ങള്‍ എന്നിവയ്ക്കുള്ള ചെലവേറിയ ചികിത്സയ്ക്കല്ലാതെ സാധാരണ രോഗ ചികിത്സയ്ക്കായി ഈ ഫണ്ടില്‍ നിന്നും തുക അനുവദിക്കുന്നുണ്ടോ;

(ഇ) എങ്കില്‍ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ഈ ഇനത്തില്‍ ഇതുവരെ എത്രപേര്‍ക്ക് എത്ര തുക വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് പറയാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാസഹായം</u>

2203 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ലോട്ടറി മുഖേന എത്ര രൂപ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) കാരുണ്യ ലോട്ടറി മുഖേന ലഭിച്ച തുകയിൽ നിന്നും എത്ര രൂപ കാരുണ്യ ബെനവലന്റ് ഫണ്ട് ചികിത്സാസഹായമായി നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിൽ എത്രപേർക്ക്, എത്ര തുക വീതം കാരുണ്യ ചികിത്സാധനസഹായം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി</u>

2204 ശ്രീ.സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ നൽകിവരുന്ന പരമാവധി തുക വർദ്ധിപ്പിക്കുന്നതിനും കൂടുതൽ രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനും നടപടി ഉണ്ടാകുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

ഡയാലിസിസ് യൂണിറ്റുകളെ കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി

2205 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്ററിനു കീഴിലുള്ള 10 ഡയാലിസിസ് യൂണിറ്റുകളെ കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അപേക്ഷ പരിഗണിച്ച് അടിയന്തരമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) വൃക്കരോഗികൾക്ക് ഡയാലിസിസിനു പുറമേ അവശ്യ മരുന്നുകൾക്കും ഇഞ്ചക്ഷനും കൂടി കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തി സഹായം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കാരുണ്യ ചികിത്സാ നടപടിക്രമങ്ങൾ സുതാര്യമാക്കാൻ നടപടി</u>

2206 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ൽ മാർച്ച് 15 വരെ കാരുണ്യ ഭാഗ്യക്കുറിയിലൂടെ എത്ര തുക വിറ്റ് വരവ് ഇനത്തിൽ ലഭിക്കുകയുണ്ടായി; ആയതിൽ നിന്നും അറ്റാദായയിനത്തിൽ സർക്കാരിന് എത്ര തുക സ്വരൂപിക്കാൻ കഴിഞ്ഞു; അതിൽ നിന്നും എത്ര തുക രോഗികൾക്കായി അനുവദിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ചികിത്സ തുടങ്ങും മുമ്പ് സഹായത്തിന് അപേക്ഷ നൽകണമെന്ന വ്യവസ്ഥയിൽ നിലവിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തി; വിശദമാക്കുമോ ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ അടിയന്തര ഘട്ടങ്ങളിൽ ചികിത്സ തേടുന്നവർക്ക് ചികിത്സാ സഹായം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള ചികിത്സാ നടപടിക്രമങ്ങൾ സുതാര്യവും കഴിയുന്നത്ര വേഗത്തിലുമാക്കാൻ നിലവിലെ വ്യവസ്ഥകളിൽ സമൂലമായ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ</u>

2207 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ യുടെ ഇപ്പോഴത്തെ ആകെ ആസ്തി എത്ര കോടി രൂപ വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ചിട്ടി, ലോൺ എന്നിവയുമായി ബന്ധപ്പെട്ട് എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട് എന്ന് വ്യക്തമാക്കുമോ; 2012-13 സാമ്പത്തിക വർഷത്തിൽ കെ.എസ്.എഫ്.ഇ യുടെ ആകെ ലാഭം എത്ര കോടിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യം</u>

2208 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 10, 20, 50, 100 രൂപയ്ക്കുള്ള മുദ്രപ്പത്രങ്ങൾ പൊതുജനങ്ങൾക്ക് ആവശ്യത്തിന് ലഭ്യമാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കേന്ദ്ര ചിട്ടി നിയമം</u>

2209 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, ജെയിംസ് മാത്യു
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ കേന്ദ്ര ചിട്ടി നിയമം പ്രാബല്യത്തിൽ വരുന്നതോടെ കെ.എസ്.എഫ്.ഇ. പ്രതിസന്ധി നേരിടുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കേന്ദ്ര ചിട്ടി നിയമ വ്യവസ്ഥയിൽ നിന്ന് കെ.എസ്.എഫ്.ഇ. ക്ക് ഇളവ് അനുവദിക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് സുസ്ഥിരമായ പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് സംഘടനകളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ഹരിതവായ്പാ പദ്ധതി</u>

2210 ശ്രീ. ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്
,, വി. റ്റി. ബൽറാം
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ ഹരിതവായ്പാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഇ) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

കെ.എഫ്.സി. വായ്പാ വിതരണം

2211 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ ആകെ എത്ര സ്വകാര്യ സംരംഭകർക്ക് വായ്പ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓരോ വർഷങ്ങളിലും എത്ര തുകയുടെ വായ്പയാണ് കെ.എഫ്.സി വിതരണം ചെയ്തത്;

(സി) ഓരോ വർഷത്തിലും 10 ലക്ഷം രൂപയിൽ കുറഞ്ഞ വായ്പകൾ ആകെ എത്ര സംരംഭകർക്കു നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) ഓരോ വർഷത്തിലും പത്തു ലക്ഷത്തിനും അൻപതു ലക്ഷത്തിനും ഇടയ്ക്കു തുകയുള്ള എത്ര വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്;

(ഇ) ഓരോ വർഷത്തിലും അൻപതു ലക്ഷത്തിലും ഒരു കോടിയിലും ഇടയ്ക്കുള്ള എത്ര വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്;

(എഫ്) ഓരോ വർഷത്തിലും ഓരോ ജില്ലയിലും ഒരു കോടി യിലധികം രൂപയുള്ള എത്ര വായ്പകൾ നൽകിയെന്നും ഓരോ വായ്പയും നൽകിയത് ഏത് സംരംഭങ്ങൾക്കാണ് എന്നും സംരംഭകർ ആരാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>കെ.എഫ്.സി. മുന്‍ ജനറല്‍ മാനേജര്‍ക്കെതിരെയുള്ള വിജിലന്‍സ് അന്വേഷണം</u>

2212 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള ഫിനാന്‍ഷ്യല്‍ കോര്‍പ്പറേഷനില്‍ വായ്പ നല്‍കിയതില്‍ 23 കോടിയുടെ നഷ്ടം വരുത്തിയതിന് കുറ്റക്കാരനായ ജനറല്‍ മാനേജര്‍ സാനുസക്കറിയയുടെ പേരില്‍ വിജിലന്‍സ് അന്വേഷണത്തിന് ആഭ്യന്തരവകുപ്പ് സെക്രട്ടറിക്ക് കത്തയച്ചകാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) വിജിലന്‍സ് അന്വേഷണം പൂര്‍ത്തിയാക്കി ചാര്‍ജ്ജ് ഫയല്‍ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കില്‍ അതിന് കാരണമെന്താണ്;

(സി) ചില ഉദ്യോഗസ്ഥരുടെ പേരില്‍ വകുപ്പുതല അന്വേഷണം നിര്‍ദ്ദേശിച്ചിട്ടുണ്ടോ;

(ഡി) കോടിക്കണക്കിന് രൂപയുടെ നഷ്ടം ജനറല്‍ മാനേജര്‍ വരുത്തിയതായി അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോര്‍ട്ടില്‍ പ്രതിപാദിച്ചിട്ടുണ്ടോ;

(ഇ) നഷ്ടം വരുത്തിയ തുക തിരിച്ച് പിടിക്കാന്‍ എന്തൊക്കെ നിയമ നടപടികളാണ് കോര്‍പ്പറേഷന്‍ സ്വീകരിച്ചത്;

(എഫ്) നടപടി സ്വീകരിച്ചിട്ടില്ലെങ്കില്‍ അതിന് കാരണം എന്ത്; അതിനുത്തരവാദികള്‍ ആര്;

(ജി) വിജിലന്‍സ് കോടതിയില്‍ കുറ്റക്കാരുടെ പേരില്‍ ചാര്‍ജ് ഫയല്‍ ചെയ്യുന്നതിനെതിരെ ആഭ്യന്തര മന്ത്രിയുടെ ഇടപെടല്‍ ഉണ്ടായിട്ടുണ്ടോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കെ.എഫ്.സി. മുൻ ജനറൽ മാനേജർക്കെതിരെയുള്ള വിജിലൻസ് കേസ്</u>

2213 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ നൽകിയ ഇനത്തിൽ 23 കോടി രൂപയുടെ നഷ്ടം വന്നതുമായി ബന്ധപ്പെട്ട് അന്നത്തെ ജനറൽ മാനേജർ സാനു സക്കറിയക്കെതിരെ വിജിലൻസ് അന്വേഷണം നടത്തണമെന്ന് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് ഗവൺമെന്റിനോട് അഭ്യർത്ഥിച്ചതനുസരിച്ച് വിജിലൻസ് അന്വേഷണം പൂർത്തിയാക്കിയോ;

(ബി) എങ്കിൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കുറ്റക്കാർക്കെതിരെ വിജിലൻസ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ കേസുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിൽ ഡിപ്പാർട്ടുമെന്റൽ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(എഫ്) കേരള ഫിനാൻഷ്യൽ കോർപ്പറേഷനുണ്ടായ നഷ്ടം ഉത്തരവാദപ്പെട്ടവരിൽ നിന്ന് തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>കലവറകള്‍</u>

2214

ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന നിര്‍മ്മിതി കേന്ദ്രത്തിനു കീഴില്‍ നിര്‍മ്മാണ സാമഗ്രികള്‍ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്ന 'കലവറകള്‍' എത്ര എണ്ണം നിലവിലുണ്ടെന്നു പറയാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം എത്ര കലവറകള്‍ ആരംഭിച്ചു എന്നും എവിടെയെല്ലാമാണെന്നും പറയാമോ;

(സി) നിലവില്‍ സംസ്ഥാനത്ത് പ്രവര്‍ത്തിക്കുന്ന കലവറകള്‍ എവിടെയെല്ലാമാണെന്ന് പറയാമോ;

(ഡി) കലവറകളിലൂടെ കഴിഞ്ഞ വര്‍ഷം ഏതെല്ലാം നിര്‍മ്മാണ സാമഗ്രികള്‍ വില്പന നടത്തിയെന്നും ഇതിലൂടെ എത്ര വരുമാനം നേടിയെന്നും വിശദമാക്കാമോ;

(ഇ) മുന്‍ സര്‍ക്കാരിന്റെ കാലത്ത് ചേര്‍ത്തല മണ്ഡലത്തില്‍ അനുവദിച്ച കലവറയുടെ ബ്രാഞ്ച് ഇനിയും ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത കലവറ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ഭവന നിർമ്മാണ പദ്ധതിപ്രകാരം ധനസഹായം

2215 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ പദ്ധതിപ്രകാരം ജനറൽ വിഭാഗത്തിൽപ്പെട്ടവർക്ക് ഇപ്പോൾ നൽകിവരുന്ന ധനസഹായം എത്രയെന്ന് വ്യക്തമാക്കുമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ പദ്ധതി പ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിലെ എത്ര പേർക്ക് ഇത്തരത്തിൽ സഹായം നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013–ലെ മറുപടിക്ക്

<u>ഹൗസിങ് ബോർഡു വഴി അവശവിഭാഗങ്ങൾക്ക് വായ്പാ സ്കീമുകൾ</u>

2216 ശ്രീ.കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹൗസിങ്ബോർഡുവഴി സമൂഹത്തിലെ അവശവിഭാഗങ്ങൾക്ക് പുതുതായി വായ്പാ പദ്ധതികൾ അനുവദിക്കുന്നതിനുള്ള തീരുമാനമുണ്ടാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>പാവപ്പെട്ടവർക്കുള്ള ഭവനനിർമ്മാണ പദ്ധതി</u>

2217 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലത്ത് പാവപ്പെട്ടവർക്കുള്ള ഭവനനിർമ്മാണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) എത്ര വീടുകളാണ് ഈ കാലയളവിൽ നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശം എന്തെല്ലാം;

(സി) ഈ ലക്ഷ്യം കൈവരിക്കുന്നതിന് സന്നദ്ധസംഘടനകളുടെ സഹകരണം തേടുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശം എന്തെല്ലാം?

**കേരള നിയമസഭ**
**26.03.2013-ലെ മറുപടിക്ക്**

<u>ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിക്കുവാൻ നടപടി</u>

2218 ശ്രീ. കെ. അച്ചുതൻ
,, വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന എല്ലാ ഭവന നിർമ്മാണ പദ്ധതികളും ഏകോപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ഭവനനിർമ്മാണ ബോർഡിന്റെ ബാധ്യത</u>

2219 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിന്റെ ബാധ്യത തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) 2012-13 ൽ ഭവനനിർമ്മാണ ബോർഡിന് സർക്കാരിൽ നിന്നും സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ നിലവിൽ വന്ന ശേഷം ഭവനനിർമ്മാണ ബോർഡിലെ ജീവനക്കാർക്ക് കാലാനുസൃതമായി സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഭവനനിർമ്മാണ ബോർഡ് പി.പി.പി മോഡലിൽ ഫ്ളാറ്റുകളോ മറ്റ് ഹൗസിംഗ് സ്കീമുകളോ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണബോർഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

2220 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് 1/7/2009 മുതൽ നടപ്പാക്കി വരുന്ന ജി. ഒ (എം.എസ്) നമ്പർ 81/2010/ഫിൻ തീയതി 20/2/2010 ഉത്തരവ് പ്രകാരം പേ റിവിഷൻ എല്ലാ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടും സംസ്ഥാനഭവന നിർമ്മാണ ബോർഡിൽ നടപ്പിലാക്കുന്നത് വൈകുന്നതിന് കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

ഭവനനിർമ്മാണ ബോർഡ് നിർമ്മിച്ച് നല്കുന്ന ഫ്ളാറ്റുകളിൽ സർക്കാർ ജീവനക്കാർക്ക് മുൻഗണന

2221 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിർമ്മിച്ചു നൽകുന്ന റെസിഡൻഷ്യൽ ഫ്ളാറ്റുകൾ സർക്കാർ ജീവനക്കാർക്ക് അനുവദിച്ചു കിട്ടുന്നതിൽ എന്തെങ്കിലും മുൻഗണന ഉണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>നിർമ്മിതി കേന്ദ്രത്തിലെ ജീവനക്കാർക്ക് ട്രെയിനിംഗ് നല്കിയത് സംബന്ധിച്ച പരാതി</u>

2222

ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മിതി കേന്ദ്രത്തിലെ ടെക്നിക്കൽ വിഭാഗത്തിലെ ജീവനക്കാർക്കായി പോണ്ടിച്ചേരിക്കടുത്ത് ഓറോവില്ലി-ൽ നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമിന് ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഇനത്തിൽ എത്ര രൂപ ചെലവായി;

(സി) ട്രെയിനിംഗിന് പോയ ജീവനക്കാരുടെ പേരും, തസ്തികയും വ്യക്തമാക്കാമോ;

(ഡി) ഏത് പദ്ധതി പ്രകാരമാണ് ഈ ട്രെയിനിംഗ് നടത്തിയത്;

(ഇ) ട്രെയിനിംഗ് പ്രോഗ്രാമിൽ എന്തെല്ലാം കാര്യങ്ങളാണ് ഇവരെ പഠിപ്പിച്ചത്;

(എഫ്) ഈ യാത്രയെ സംബന്ധിച്ച പരാതികളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണ നടപടി ഏതുവരെയായി; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ഭവനശ്രീ പദ്ധതി</u>

2223 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനശ്രീ പദ്ധതി പ്രകാരം എഴുതിത്തള്ളിയ തുക സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത തുകയ്ക്കും, കോർപ്പറേഷൻ ബാങ്കിൽ നിന്നും എടുത്ത തുകയ്ക്കും ബാധകമാണോയെന്നു വ്യക്തമാക്കുമോ;

(ബി) ബാധകമല്ലെങ്കിൽ പ്രസ്തുത ബാങ്കുകളെയും എഴുതിത്തള്ളൽ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) ഭവനശ്രീ പദ്ധതി പ്രകാരമുള്ള തുക എഴുതിത്തള്ളിയതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ഗൃഹശ്രീ പദ്ധതിയുടെ മാനദണ്ഡങ്ങൾ</u>

2224

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർധനർക്ക് വീട് വെയ്ക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്നതിനുള്ള `ഗൃഹശ്രീ` എന്ന പദ്ധതി നിലവിലുണ്ടോ ; ഇതു പ്രകാരം എത്ര രൂപയാണ് സബ്സിഡിയായി നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഗൃഹശ്രീ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം</u>

T 2225 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശം നല്കുമോ;

(ബി) സർക്കാർ തലത്തിലുള്ള നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് നിർമ്മിതി കേന്ദ്രം എത്രത്തോളം സജ്ജമാണ്; വിശദാംശം നല്കുമോ;

(സി) പ്രസ്തുത സ്ഥാപനം നിലവിൽ ഏതെല്ലാം തരത്തിലുള്ള നിർമ്മാണങ്ങളാണ് ഏറ്റെടുത്തു നടത്തുന്നത്;

(ഡി) 2013-14-ൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

നിർമ്മിതി കേന്ദ്രം പുന:സംഘടന

2226 ശ്രീ. അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മിതി കേന്ദ്രം പുന:സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിർമ്മിതി കേന്ദ്രത്തെ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പുന:സംഘടനയിൽ ഉൾപ്പെടുത്താനാഗ്രഹിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പുന:സംഘടനയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്'; വിവരിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 26.03.2013-ലെ മറുപടിക്ക്

<u>പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്</u>

2227 ശ്രീ. ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പബ്ലിക് പോളിസി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ?

## കേരള നിയമസഭ
## 26.03.2013-ലെ മറുപടിക്ക്

<u>ഇന്‍ഷ്വറന്‍സ് വകുപ്പിലെ സമ്പൂര്‍ണ്ണ കമ്പ്യൂട്ടര്‍വല്‍ക്കരണം</u>

2228 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, വി. റ്റി. ബല്‍റാം
,, കെ. അച്ചുതന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ഇന്‍ഷ്വറന്‍സ് വകുപ്പില്‍ സമ്പൂര്‍ണ്ണ കമ്പ്യൂട്ടര്‍വത്ക്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശം നല്‍കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ലഭിക്കുന്നത്; വിശദമാക്കുമോ:

(ഡി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശം എന്തെല്ലാമാണ്?